## കൈകാര്യം ചെയ്യാൻ വൈദഗ്ദ്ധ്യവും സൂക്ഷ്മതയും ആവശ്യമുള്ള ലോലമായ ചരക്കുകളുടെ കയറ്റിറക്കു ജോലി ചുമട്ടു തൊഴിലാളികൾക്ക് അവകാശപ്പെടാനാവില്ല

**കേരള ഹൈക്കോടതി**

W.P. (C) No. 14656/2020 Dt. 24.11.2020

ബാലകൃഷ്ണൻ എ.

x

സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്

ഇലക്ട്രോണിക്-ഇലക്ട്രിക് ഗൃഹോപകരണങ്ങളുടെ വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലുടമയാണ് ബാലകൃഷ്ണൻ. ടെലിവിഷൻ, ഫ്രിഡ്ജ്, എയർ കണ്ടീഷനർ, വാഷിങ് മെഷീൻ, മൈക്രോവേവ് ഓവൻ, വാട്ടർ പ്യൂരിഫയർ, ഫുഡ് പ്രോസസർ, മറ്റു ഉപകരണങ്ങൾ എന്നിവയുടെ വിപണനവും വിതരണവുമാണ് അയാൾ നടത്തുന്നത്. അയാളുടെ ചില്ലറ വില്പന ശാല 'ഗുഡ് മോണിങ് എന്റർപ്രൈസസ്' എന്ന പേരിലും വിതരണ കേന്ദ്രം 'ശ്രീലക്ഷ്മി ഡിസ്ട്രിബ്യൂട്ടേഴ്സ്' എന്ന പേരിലുമാണ് അറിയപ്പെടുന്നത്. വിപണന-വിതരണ സ്ഥാപനങ്ങളിൽ കൈകാര്യം ചെയ്യുന്ന ചരക്കുകൾ ലോലവും മൃദുവുമായവ ആയതിനാൽ അവയുടെ കയറ്റിറക്കു ജോലി ചെയ്യുന്നതിന് വിദഗ്ദ്ധരും പരിശീലിതരുമായ ആറ് സ്ഥിരം ജോലിക്കാരെ തൊഴിലുടമ തന്റെ രണ്ട് സ്ഥാപനങ്ങളിലായി നിയമിച്ചിട്ടുണ്ട്. വല്ലപ്പോഴുമുള്ള കയറ്റിറക്കു ജോലി ചെയ്യുന്നത് അവരാണ്. അവരെ ചുമട്ടു തൊഴിലാളി നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്നതിന് തൊഴിലുടമ അപേക്ഷ നല്കിയത് ബന്ധപ്പെട്ട ലേബർ ഓഫീസറുടെ പരിഗണനയിലിരിക്കെ അംഗീകൃത ചുമട്ടു തൊഴിലാളികൾ തൊഴിലുടമയുടെ സ്ഥാപനങ്ങളിൽ എത്തുകയും അവിടത്തെ കയറ്റിറക്കു ജോലി തങ്ങൾക്കവകാശപ്പെട്ടതാണെന്ന് അറിയിക്കുകയും സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് തടസ്സം നില്ക്കുകയും ചെയ്തു. തുടർന്ന് സംരക്ഷണമാവശ്യപ്പെട്ട് തൊഴിലുടമ പോലീസിൽ അപേക്ഷ നല്കിയെങ്കിലും സംരക്ഷണം നല്കപ്പെട്ടില്ല. ഇതിനെതിരെ തൊഴിലുടമ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. തന്റെ സ്ഥാപനങ്ങളിൽ കയറ്റിറക്കു ജോലി വല്ലപ്പോഴുമാണുള്ളതെന്നും അത് പ്രധാന പ്രവർത്തനമല്ലെന്നും ചുമട്ടു തൊഴിലാളി നിയമം ബാധകമല്ലെന്നും തൊഴിലുടമ വാദിച്ചു. കൂടാതെ, ലോലവും മൃദുവും കൈകാര്യം ചെയ്യാൻ വൈദഗ്ദ്ധ്യമാവശ്യമുള്ളതുമായ ചരക്കുകളുടെ കയറ്റിറക്കു ജോലിയും യന്ത്ര സംവിധാനമുപയോഗിച്ചുള്ള കയറ്റിറക്ക് ജോലിയും ചുമട്ടു തൊഴിലാളികൾക്ക് അവകാശപ്പെടാനാവില്ലെന്നും തൊഴിലുടമ ചൂണ്ടിക്കാട്ടി. ചുമട്ടു തൊഴിലാളി പദ്ധതി നടപ്പാക്കിയ പ്രദേശങ്ങളിലെ എല്ലാത്തരം കയറ്റിറക്കു ജോലിയും രജിസ്റ്റേഡ് ചുമട്ടു തൊഴിലാളികൾക്ക് മാത്രം അവകാശപ്പെട്ടതാണെന്നും തൊഴിലുടമയുടെ തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നിഷേധിക്കപ്പെട്ടിരിക്കയാണെന്നും ചുമട്ടു തൊഴിലാളി യൂണിയനുകൾ വാദിച്ചു. വല്ലപ്പോഴും മാത്രം കയറ്റിറക്കു ജോലിയുള്ള സ്ഥാപനങ്ങൾക്ക് ചുമട്ടു തൊഴിലാളി നിയമം ബാധകമല്ലെന്നും അവിടെ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ചുമട്ടു തൊഴിലാളി നിയമപ്രകാരമുള്ള രജിസ്ട്രേഷൻ ആവശ്യമില്ലെന്നും ഹൈക്കോടതി ചൂണ്ടിക്കാട്ടി. വൈദഗ്ദ്ധ്യം ആവശ്യമുള്ള കയറ്റിറക്കു ജോലി ചുമട്ടു തൊഴിലാളികൾക്ക് അവകാശപ്പെടാനാവില്ലെന്നും അത്തരം ജോലികൾ തൊഴിലുടമക്ക് ഇഷ്ടമുള്ള തൊഴിലാളികളെക്കൊണ്ട് ചെയ്യിക്കാമെന്നും ഹൈക്കോടതി വിലയിരുത്തി. തൊഴിലുടമയുടെ സ്ഥാപനത്തിന് ചുമട്ടു തൊഴിലാളി നിയമം ബാധകമല്ലെന്നും അവിടത്തെ കയറ്റിറക്കു ജോലി തടസ്സപ്പെടുത്തിയത് നിയമവിരുദ്ധ നടപടിയാണെന്നും കണ്ട ഹൈക്കോടതി തൊഴിലുടമയുടെ സ്ഥാപനങ്ങളിലെ കയറ്റിറക്കു ജോലികൾക്ക് സംരക്ഷണം നല്കണമെന്ന് പോലീസിന് നിർദ്ദേശം നല്കി.